**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3256** **26-06-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഏതെങ്കിലും ടൂറിസം പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികളുടെ പേരും പ്രതീക്ഷിക്കുന്ന ചെലവും ഇതുവരെ ചെയ്ത നടപടികളും നിലവിലെ അവസ്ഥയും വിശദമാക്കാമോ; | (എ) | **നിലവിൽ പദ്ധതി രേഖകൾ ഒന്നും തയ്യാറാക്കിയിട്ടില്ല.** |
| (ബി) | 2016 ഏപ്രിൽ 1 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികളുടെയും പരിപാടികളുടെയും അവയ്ക്കായി ചെലവഴിച്ച തുകയുടെയും വിശദാംശം അറിയിക്കാമോ; | (ബി) | നടപ്പിലാക്കിയിട്ടില്ല. |
| (സി) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളാണ് ടൂറിസം പദ്ധതികൾക്ക് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ളതെന്നും ഓരോ പ്രദേശത്തിനും യോജിക്കുന്ന പദ്ധതികളെന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (സി) | നിലമ്പൂർ മണ്ഡലത്തിൽ ടൂറിസം സാധ്യതയുള്ള സ്ഥലങ്ങളിലധികവും വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളാണ്. നെടുങ്കയം, ഡി.എഫ്.ഒ ബംഗ്ലാവ് തുടങ്ങിയവ ടൂറിസം സാധ്യതയുള്ള സ്ഥലങ്ങളാണ്. വനം വകുപ്പുമായി ചേർന്ന് ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | മലപ്പുറം ജില്ലയിൽ കാരവൻ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഒരു കാരവന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും അതിന്റെ വിശദാംശങ്ങളും അറിയിക്കാമോ; | (ഡി) | മലപ്പുറം ജില്ലയിലെ M/s. Frontline Hospitality and Property Management (Frontline caravan) എന്ന സ്വകാര്യ സംരംഭകൻ കാരവൻ വാങ്ങി സഞ്ചാരികൾക്കായി സർവ്വീസ് നടത്തുന്നുണ്ട്. ടിയാന് വകുപ്പ് കാരവൻ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിയിട്ടുള്ളതാണ്. 24/11/2022 ലെ സ.ഉ.(അച്ചടി)നം.34/2022/Trans പ്രകാരം, ടൂറിസം വകുപ്പുമായി കരാറിലേർപ്പെട്ടിരിക്കുന്ന കാരവനുകൾക്ക് ത്രൈമാസ നികുതിയിൽ 50% ഇളവ് മോട്ടോർ വാഹന വകുപ്പ് ലഭ്യമാക്കുന്നുണ്ട്. കാരവൻ പാർക്കുകൾ സർക്കാർ അംഗീകരിച്ച കാരവൻ നയത്തിൽ പ്രതിപാദിക്കുന്ന വിധത്തിൽ സ്വകാര്യ സംരംഭകർക്ക് ആരംഭിക്കാവുന്നതാണ്. ഇൻവെസ്റ്റ്മെന്റ് സബ്ഡിഡിയ്ക്കായി വകുപ്പിനു ലഭിച്ച വിവിധ അപേക്ഷ പരിശോധിച്ചതിൽ നിന്നും ഒരു |

| | | | |
|---|---|---|---|
| | | | കാരവൻ വാങ്ങുന്നതിന് പ്രതീക്ഷിത ചെലവ് 50 ലക്ഷം രൂപയാണ്. |
| (ഇ) | നിലമ്പൂരിനേയും പരിസരപ്രദേശങ്ങളിലെ ടൂറിസം കേന്ദ്രങ്ങളേയും ബന്ധിപ്പിച്ച് നിലമ്പൂർ ടൂറിസം സർക്യൂട്ട് പ്രഖ്യാപിച്ച് നിലമ്പൂർ ആസ്ഥാനമാക്കി ഏറെ സാധ്യതകളുള്ള കാരവൻ ടൂറിസം ആരംഭിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ